പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3826 17.12.2015-ൽ മറുപടിക്ക്

## പൊന്നാനി കെ. എസ്. ആർ. ടി. സി. സബ്ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊന്നാനി കെ. എസ്. ആർ. ടി. സി. സബ്ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തുന്നതെന്നും എത്ര ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി പൊന്നാനി യൂണിറ്റിൽ 44 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ശരാശരി 36 ഷെഡ്യൂളുകൾ ദിനംപ്രതി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ ഷെഡ്യൂളുകൾ മുടങ്ങാറുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് എന്തുകൊണ്ടാണെന്നും വിശദമാക്കുമോ; | (ബി) | എട്ടോളം ഷെഡ്യൂളുകൾ ദിനംപ്രതി മുടങ്ങുന്നുണ്ട്. ബസുകളുടെ ലഭ്യതക്കുറവാണ് ഷെഡ്യൂളുകൾ മുടങ്ങുവാൻ കാരണം. |
| (സി) | പ്രസ്തുത ഡിപ്പോയിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ? | (സി) | ഉണ്ട്.<br>ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ